കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിച്ചുവരുന്നു. (ഇന്റഗ്രേഷൻ പദ്ധതി പ്രകാരം). കൂടാതെ കെപ്കോയുടെ നേതൃത്വത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്തൽ സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് ഒരു നൂതന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള ഹാച്ചറികൾ നവീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിച്ചും സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പുതിയ ഹാച്ചറികൾ സ്ഥാപിച്ചും കൂടുതൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ നൽകി 45 ദിവസം കഴിയുമ്പോൾ കെപ്കോ തന്നെ തിരിച്ചുവാങ്ങി സംസ്കരിച്ച് കോഴിയിറച്ചിയായി വിപണനം ചെയ്യുക എന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ബി) സർക്കാർ നടത്തിയ ഇടപെടലുകളുടെ ഭാഗമായി കോഴി വില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. 11-8-2017-ലെ കേരളത്തിലെ ഇറച്ചിക്കോഴിയുടെ കമ്പോള വില ശരാശരി 98 രൂപയാണ്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം കുടുംബശ്രീ, കേരള പൗൾട്ടി ഡവലപ്മെന്റ് കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിലനിലവാരം കിലോഗ്രാമിന് 87 രൂപയായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിക്കും. കുടുംബശ്രീ, കേരള പൗൾട്ടി ഡവലപ്മെന്റ് കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ച് അതിലൂടെ സംസ്ഥാനത്തെ ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18-ൽ 1000 യൂണിറ്റുകളും തുടർ വർഷങ്ങളിൽ ഘട്ടം ഘട്ടമായി ആകെ 5000 യൂണിറ്റുകളും തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മൃഗ സംരക്ഷണത്തിന് കർമ്മ പദ്ധതികൾ**

85 (3962) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നതെന്ന് വിവരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പ്രതിവർഷം 30 മെട്രിക് ടൺ പാൽ ഉൽപ്പാദിപ്പിക്കേണ്ടിയിരിന്നു. നിലവിൽ ഇത് 26 ലക്ഷം മെട്രിക് ടൺ ആണ്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു/എരുമ കുട്ടികൾക്ക് വെറ്ററിനറി സഹായം ഉൾപ്പെടെയുള്ള സഹായം ലഭിക്കുന്നു. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീര കർഷകർക്ക് സഹായകമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവൽക്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് 13-ാം പഞ്ചവൽസര പദ്ധതിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ. മുട്ട ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിലെ ഉൽപ്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യും. കൂടാതെ വകുപ്പിന് കീഴിൽ രണ്ടു പുതിയ ഹാച്ചറികൾ - കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ചു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. മൃഗചികിത്സ സേവനരംഗത്ത് രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 65 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 13-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മൃഗാശുപത്രികൾ ശാക്തീകരിച്ച് മെച്ചപ്പെട്ട രോഗനിർണ്ണയ ചികിത്സാ സംവിധാനങ്ങളൊരുക്കും. പാലോട് പ്രവർത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉൽപ്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. പേവിഷബാധ ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ട്.

(ബി) 1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

2. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ

3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

4. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

5. രാഷ്ട്രീയപശുധൻ വികാസ് യോജന

6. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും

8. പ്രത്യേക കന്നുകാലി വികസന പദ്ധതി

9. ഗോവർദ്ധിനി

10. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്

11. വികസനവും പരിശീലനവും

12. മൃഗസംരക്ഷണ സ്ഥിതിവിവരണ കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)

13. കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം)

14. വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും

15. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം

16. കേരള ഫീഡ്സിന് സാമ്പത്തിക സഹായം

17. കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം.

(സി) ക്ഷീരമേഖലയിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് മിനിഡയറി യൂണിറ്റുകൾക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 25,000 രൂപയാണ് ധനസഹായമായി നൽകുന്നത്. 2017-18 സാമ്പത്തിക വർഷം കന്നുകാലി ഇൻഷ്വറൻസിനുവേണ്ടി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗോസമൃദ്ധി എന്ന് പേരിട്ടിട്ടുള്ള സംസ്ഥാന ആവിഷ്കൃത പദ്ധതിയായ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു.

**ഓണക്കാലത്ത് പാൽക്ഷാമം നിയന്ത്രിക്കുന്നതിന് നടപടി**

86 (3963) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണക്കാലത്ത് പാൽക്ഷാമം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly